## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 268** — **13-07-2022 - ൽ മറുപടിയ്ക്ക്**

## സ്കൂളുകൾക്ക് ഗ്രേഡിങ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ; | (എ) | **പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ തുടർച്ച എന്ന നിലയിൽ ഭൗതിക സൗകര്യ വികസന രംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിദ്യാകിരണത്തിന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ഇനിയും ഭൗതിക സൗകര്യ വികസനം അനിവാര്യമായ വിദ്യാലയങ്ങളെ കണ്ടെത്തി ഘട്ടം ഘട്ടമായി പ്രശ്നപരിഹരണത്തിനുള്ള നടപടികൾ തുടരുന്നതാണ്.**<br><br>**എല്ലാ വിദ്യാലയങ്ങളും സാങ്കേതിക വിദ്യാസൗഹൃദമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരുക്കിയ സാങ്കേതിക വിദ്യാ ഉപകരണങ്ങളെ ഫലപ്രദമായി പഠന ബോധന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.**<br><br>**അക്കാദമിക രംഗത്തും വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കോവിഡ് കാലത്ത് കുട്ടികൾക്ക് ഉണ്ടായേക്കാവുന്ന മാനസിക സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ചും ഉണ്ടായേക്കാവുന്ന പഠനവിടവ് പരിഹരിക്കുന്നത് സംബന്ധിച്ചും അവ എങ്ങനെ അഭിമുഖീകരിക്കണം എന്ന കാര്യവും ഇതിനാവശ്യമായ രീതി ശാസ്ത്രവും അവധിക്കാല അധ്യാപക പരിശീലനത്തിന്റെ ഭാഗമായി അധ്യാപകരെ പരിചയപ്പെടുത്തിയിട്ടുണ്ട്. പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അവർ ഓരോ വിഷയത്തിലും എവിടെ നിൽക്കുന്നു എന്ന് കണ്ടെത്തി ആവശ്യമായ പഠനപിന്തുണ നൽകാനുള്ള അക്കാദമിക പ്രവർത്തനം വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ** |

| | | | |
|---|---|---|---|
| | | | **ഏജൻസികൾ നടപ്പാക്കുന്ന അക്കാദമിക പ്രവർത്തനങ്ങളിൽ ഉൾച്ചേർത്തിട്ടുണ്ട്. മികവ് കാട്ടുന്ന കുട്ടികൾക്ക് കൂടുതൽ ഉയരങ്ങളിലേക്ക് വളരാനാവശ്യമായ സാഹചര്യവും ഒരുക്കി വരുന്നു.**<br><br>**സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സംസ്ഥാന സർക്കാർ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുകയാണ്. പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ പൊതു വിദ്യാഭ്യാസ മേഖല അന്തർദേശീയ നിലവാരത്തിലേക്കുയരുന്ന നവീനമായ സമഗ്ര പാഠ്യ പദ്ധതിയാണ് ലക്ഷ്യം വയ്ക്കുന്നത്. അന്തർദേശീയ തലത്തിൽ മികച്ച വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന രാഷ്ട്രങ്ങളുടെ പാഠ്യപദ്ധതികളും പഠനബോധന രീതികളും ശാസ്ത്രീയമായി പഠിച്ച് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് അനുയോജ്യമായവ കൂട്ടിചേർത്ത് പാഠ്യപദ്ധതി നവീകരിക്കും.** |
| (ബി) | ദേശീയ ഗുണനിലവാര മാനദണ്ഡപ്രകാരം സ്കൂളുകൾക്ക് ഗ്രേഡിങ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിലവിൽ ഉദ്ദേശിക്കുന്നില്ല. |
| (സി) | ഉയർന്ന വിദ്യാഭ്യാസ നിലവാരം കൈവരിക്കുന്നതിനായി ബോധന സമ്പ്രദായത്തിലും മൂല്യനിർണ്ണയ സംവിധാനത്തിലും ഈ അദ്ധ്യയന വർഷം മുതൽ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | വിദ്യാർത്ഥികളുടെ ആർജിതയറിവ് നിരന്തരം വിലയിരുത്തുന്നതിന് ആവശ്യമായ രീതിശാസ്ത്രം രൂപീകരിക്കുന്നതിനു വേണ്ടി സംസ്ഥാന തലത്തിൽ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ അസസ്മെന്റ് സെല്ലിന് രൂപം നൽകും. സ്വയംഭരണ സ്വഭാവത്തോടെയാകുമിത്. സയൻസ്, സോഷ്യൽ സയൻസ്, ഭാഷകൾ , ഗണിത ശാസ്ത്രം തുടങ്ങിയവയിലെ വിഷയ വിദഗ്ധർ ഡേറ്റാ അനലിസ്റ്റുകൾ, സൈക്കോമെട്രിസ്റ്റുകൾ, തുടങ്ങിയവർ ഉൾപ്പെടുന്നതായിരിക്കും അസസ്മെന്റ്സെൽ. പൊതു പരീക്ഷയുടെ ചോദ്യകടലാസ്സുകൾ വിലയിരുത്തും. ഇതിന്റെ അടിസ്ഥാനത്തിൽ വരും വർഷങ്ങളിൽ പരീക്ഷാ ചോദ്യക്കടലാസുകൾ കൂടുതൽ മികച്ച രീതിയിൽ തയ്യാറാക്കും. കഴിഞ്ഞ അദ്ധ്യയന വർഷം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഈ പദ്ധതി വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വരും വർഷങ്ങളിൽ വിപുലീകരിക്കും. |
| (ഡി) | അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വെവ്വേറെയായി പ്രത്യേകം തയ്യാറാക്കുന്ന ബോധന സോഫ്റ്റ് വെയറുകളുടെ സഹായത്തോടെ പഠന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | സഹിതം മെന്ററിംങ്ങ് പോർട്ടൽ സമഗ്ര റിസോഴ്സ് പോർട്ടൽ എന്നിവയിലൂടെ പഠന ബോധന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ